# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.750 — 04.03.2020 -ൽ മറുപടിയ്ക്ക്

## കാട്ടുതീയിടുന്നവർക്ക് ശിക്ഷ ഉറപ്പാക്കാനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഉരുൾപൊട്ടലും മണ്ണിടിച്ചിലും കാരണം കാടിന്റെ ജലശേഖര ശേഷി കുറയുന്ന സാഹചര്യ മുണ്ടോ; കാടിന്റെ ജലശേഖര ശേഷി കുറയുന്നതും വർദ്ധിച്ച വരുന്ന ചൂടും കാട്ടുതീ ഉണ്ടായാൽ പെട്ടെന്ന് പടരാനുള്ള സാഹചര്യം ഒരുക്കുമോ എന്ന് വ്യക്തമാക്കാമോ; | (എ) ഇടയ്ക്കിടെ ഉണ്ടാകുന്ന ഉരുൾപൊട്ടലും മണ്ണിടിച്ചിലും കാടിന്റെ ജലസംഭരണ ശേഷി കുറയുന്നതിന് കാരണമാകുന്നുണ്ട്. കൂടാതെ ജനുവരി മുതൽ ലഭിക്കുന്ന വേനൽ മഴയിൽ ഉണ്ടാകുന്ന കുറവും അതിതീക്ഷ്ണമായ വേനലും മണ്ണിന്റെ ജലസംഭരണ ശേഷിയിൽ കുറവ് വരുന്നതിനും കാട്ടുതീ ഉണ്ടായാൽ വളരെ വേഗം പടരുന്നതിനും കാരണമാകുന്നുണ്ട്. |
| (ബി) കൊറ്റമ്പത്തൂരിലുണ്ടായ കാട്ടുതീ മനുഷ്യ നിർമ്മിതമാണെന്ന സൂചന ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം വനം വകുപ്പ് പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ; | (ബി) തൃശ്ശൂർ ദേശമംഗലത്ത് കൊറ്റമ്പത്തൂരിൽ ഉണ്ടായ കാട്ടുതീയിൽപ്പെട്ട് മൂന്ന് വനപാലകർ മരിക്കാനുണ്ടായ സംഭവത്തിൽ തൃശ്ശൂർ വനം ഡിവിഷനിലെ വടക്കാഞ്ചേരി റെയ്ഞ്ചിൽ പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ - 4/2020 നമ്പറായി കേസ് രജിസ്റ്റർ ചെയ്ത് തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ മേൽ നോട്ടത്തിൽ വടക്കാഞ്ചേരി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തി വരുന്നുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് പാട്ടത്തിന് നൽകിയ സ്ഥലത്താണ് കാട്ടുതീ ഉണ്ടായത്. HNL - ന്റെ ഭാഗത്തുനിന്നുള്ള അശ്രദ്ധയും അനാസ്ഥയും കാട്ടുതീയ്ക്ക് കാരണമായിട്ടുണ്ടെന്നും കാട്ടുതീ മനുഷ്യസൃഷ്ടിയാണെന്നുമാണ് വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം നിഗമനത്തിലെത്തി യിട്ടുള്ളത്. എങ്കിലും നിലവിലുള്ള കേസ് അന്വേഷണം പൂർത്തിയായതിനു ശേഷം മാത്രമേ അവിടെ ഉണ്ടായ കാട്ടുതീ മനുഷ്യനിർമ്മിതമാണോ അതോ മറ്റ് കാരണങ്ങൾ മൂലമാണോ എന്ന് വ്യക്തമായി പറയാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | തടി മോഷ്ടിക്കാനും തെളിവ് നശിപ്പിക്കാനും വന്യ മൃഗങ്ങളുടെ ശല്യം ഒഴിവാക്കുവാനും കൃഷി ഇറക്കുവാനുമൊക്കെയായി കാടിന് തീയിടുന്നവരുണ്ടെന്ന വിദഗ്ധ അഭിപ്രായം പരിശോധിക്കുകയുണ്ടായോ; | (സി) | തടി മോഷ്ടിക്കാനും തെളിവ് നശിപ്പിക്കാനുമായി വനത്തിന് തീ ഇടാറുണ്ടെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിശോധിച്ചു വരുന്നു. കൃഷിയിറക്കാനും, വന്യമൃഗ ശല്യം ഒഴിവാക്കുന്നതിനുമായി വനത്തിന് അടുത്തുള്ള സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിൽ തീ ഇടുന്നത് പലപ്പോഴും വനത്തിലേയ്ക്ക് തീ പടരാൻ ഇടയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | കാട്ടുതീ ഉണ്ടാക്കുന്നവരെ കണ്ടെത്തി അവരെ നിയമത്തിന് മുന്നിൽ കൊണ്ടു വരാനും അർഹമായ ശിക്ഷ ഉറപ്പാക്കാനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ? | (ഡി) | വന സന്ദർശനത്തിനും മറ്റുമായി എത്തുന്നവരുടെ അശ്രദ്ധ മൂലവും, സാമൂഹ്യ വിരുദ്ധരുടെ പ്രവർത്തികൾ മൂലവും കാട്ടുതീ ഉണ്ടാകാറുണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ